## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.416 29/06/2015-ൽ മറുപടിക്ക്

## പാവപ്പെട്ടവർക്കും പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗക്കാർക്കും സൗജന്യ വൈദ്യുതി കണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പാവപ്പെട്ടവർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്നതിന് കെ.എസ്. ഇ.ബി. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;എങ്കിൽ എന്തൊക്കെ സൗജന്യങ്ങളാണ് പദ്ധതി പ്രകാരം അനുവദിക്കുന്നത്; | (എ)യും (ബി)യും<br><br>ലൈൻ ദീർഘിപ്പിക്കൽ ആവശ്യമില്ലാത്ത ഗാർഹിക വൈദ്യുതി കണക്ഷനുകൾ, ആയിരം വാട്ട്സ് കണക്റ്റഡ് ലോഡ് വരെ, എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്കും അഞ്ഞൂറ് വാട്ട്സ് കണക്റ്റഡ് ലോഡ് വരെ ബി.പി.എൽ അപേക്ഷകർക്കും സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകി വരുന്നു. |
| (ബി) പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്നതിന് പ്രത്യേകമായ സംവിധാനം കെ.എസ്.ഇ.ബി. ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള എസ്.സി./എസ്.ടി.വിഭാഗത്തിലുള്ള വ്യക്തികൾക്കും, 500വാട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിലുള്ള വ്യക്തികൾക്കും (ലൈൻ നീട്ടൽ ആവശ്യമില്ലാത്ത) വൈദ്യുതി കണക്ഷൻ സൗജന്യമായി നൽകുന്നുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 01.12.2014 വരെ അപേക്ഷിച്ച എല്ലാ ബി. പി. എൽ അപേക്ഷകർക്കും പൂർണ്ണമായി സൗജന്യമായും പ്ലിന്ത് ഏരിയ 1000 Sq ft. നു താഴെയുള്ള എ.പി.എൽ അപേക്ഷകർക്ക് വെതർ പ്രൂഫ് ഭാഗത്തിന്റെ മാത്രം എസ്റ്റിമേറ്റ് തുക ഈടാക്കി ഓവർഹെഡ് ലൈൻ കണക്ഷനും സൗജന്യമായി നൽകിയിരുന്നു. കൂടാതെ തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ മേൽപറഞ്ഞ വിഭാഗങ്ങൾക്ക് 30.09.2015 വരെ തുടർന്നും |

-->

കണക്ഷൻ നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.

കൂടാതെ ഈ 4 ജില്ലകളിൽ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി കഴിയുമ്പോഴും മറ്റ് 10 ജില്ലകളിൽ കേന്ദ്ര സർക്കാർ പുതുതായി ആവിഷ്കരിച്ച പദ്ധതി യായ ദീന ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ)-ൽപ്പെടു ത്തിയും ബി.പി.എൽ അപേക്ഷകർക്ക് സൗജന്യമായി ഓവർഹെഡ് ലൈനും വെതർ പ്രൂഫും നിർമ്മിച്ച് കണക്ഷൻ നൽകുന്ന തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധ മായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്